<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>കേരള ബാങ്ക്- വികസന നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകാൻ പര്യാപ്തമായ രീതിയിൽ കേരള ബാങ്കിനെ പരിവർത്തനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡിജിറ്റൽ സേവന മേഖലയിൽ കേരള ബാങ്ക് കൈവരിച്ച പുരോഗതി വിശദമാക്കാമോ; | (ബി) | **കേരളാ ബാങ്കിന്റെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സേവനങ്ങൾ നിലവിൽ വന്നതോടെ RTGS/NEFT, IMPS, UPI Payments, Mobile Banking Application എന്നീ സൗകര്യങ്ങൾ കേരളാ ബാങ്കിൽ നിലവിൽ വന്നിട്ടുണ്ട്. അതോടൊപ്പം ATM, CTS, NACH, ECS, PFMS, DBT എന്നിവയും ലഭ്യമാണ്. ഇതേ തുടർന്ന് വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകാൻ പര്യാപ്തമായ രീതിയിൽ കേരളാ ബാങ്കിനെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ട്.**<br><br>**വ്യക്തിഗത ഉപഭോക്താക്കൾക്കായി KB PRIME എന്ന പേരിലും സ്ഥാപനങ്ങൾ/സഹകരണ സംഘങ്ങൾ എന്നിവർക്ക് വേണ്ടി KB PRIME PLUS എന്ന പേരിലും വെവ്വേറെ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, NRI അക്കൗണ്ടുകൾ എന്നിവയ്ക്ക് അവശ്യമായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (സി) | വ്യക്തിഗത ഉപയോക്താക്കൾക്കും സ്ഥാപനങ്ങൾക്കും ആധുനിക ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനുള്ള പുതിയ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ടോ; | (സി) | **കേരളാ ബാങ്കിന്റെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സേവനങ്ങൾ നിലവിൽ വന്നതോടെ RTGS/NEFT, IMPS, UPI Payments, Mobile Banking Application എന്നീ സൗകര്യങ്ങൾ കേരളാ ബാങ്കിൽ നിലവിൽ വന്നിട്ടുണ്ട്. അതോടൊപ്പം ATM, CTS, NACH, ECS, PFMS, DBT എന്നിവയും ലഭ്യമാണ്. ഇതേ തുടർന്ന് വാണിജ്യ ബാങ്കുകൾ നൽകുന്ന എല്ലാ** |

| | | | |
|---|---|---|---|
| | | | **സേവനങ്ങളും നൽകാൻ പര്യാപ്തമായ രീതിയിൽ കേരളാ ബാങ്കിനെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ട്.**<br><br>**വ്യക്തിഗത ഉപഭോക്താക്കൾക്കായി KB PRIME എന്ന പേരിലും സ്ഥാപനങ്ങൾ/സഹകരണ സംഘങ്ങൾ എന്നിവർക്ക് വേണ്ടി KB PRIME PLUS എന്ന പേരിലും വെവ്വേറെ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, NRI അക്കൗണ്ടുകൾ എന്നിവയ്ക്ക് അവശ്യമായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (ഡി) | എ.ടി.എം, മൈക്രോ എ.ടി.എം. എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (ഡി) | **നിലവിൽ കേരള ബാങ്കിന്റേതായി 128 എ.റ്റി.എം മെഷീനുകൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായി നിലവിൽ ഉണ്ട്. പുതിയതായി എ.റ്റി.എം/മൈക്രോ എ.റ്റി.എം എന്നിവ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (ഇ) | ഗ്രാമീണ മേഖലയിലേക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | ഗ്രാമീണ മേഖലയിലേക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ പ്രത്യേകിച്ച് ഡിജിറ്റൽ സേവനങ്ങൾ എത്തിക്കുന്നതിന് ഊർജിതമായ ശ്രമം കേരളാ ബാങ്കിന്റെ ഭാഗത്തുനിന്നും നടന്നു വരുന്നു. ബാങ്കിന്റെ ഏകീകൃത CBS, KB PRIME, KB PRIME PLUS Mobile Application എന്നിവ നിലവിൽ വന്നതോടെ ഗ്രാമീണ മേഖലയിലുള്ളവർക്ക് ഇവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക കാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ NABARD സഹായത്തോടെ ഉള്ള Mobile ATM ഡെമോൺസ്ട്രേഷൻ എന്ന വാഹനം ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ പ്രത്യേകിച്ച് ബാങ്കിങ്ങ് സേവനങ്ങൾ കുറവായ മേഖലയിൽ പ്രത്യേക കാമ്പയിൻ നടത്തി വരുന്നു. പുതിയ FPO കൾ തുടങ്ങുന്നതിനും നിലവിലുള്ളതിനെ വികസിപ്പിക്കുന്നതിനും വേണ്ട നടപടികൾ പുരോഗമിച്ച് വരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതോടു കൂടി ഗ്രാമീണ മേഖലക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ